**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4880** **01-11-2021 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതിൽ ഭരണഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് വല്ല മാർഗ്ഗനിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള പ്രാരംഭ ചർച്ചയ്ക്കുള്ള കരട് രേഖ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | പാഠ്യപദ്ധതിയിൽ 5-ാം ക്ലാസ് മുതൽ ഭരണഘടന വിഷയമാക്കാൻ തീരുമാനിക്കാമോ? | (ബി) | നിലവിലെ പ്രൈമറി ക്ലാസ് മുതലുള്ള പാഠപുസ്തകത്തിൽ തന്നെ ഭരണഘടനയുടെ അന്തസത്ത പ്രതിപാദിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി സോഷ്യൽ സയൻസ് അഞ്ചാം ക്ലാസിലെ ജനങ്ങൾ ജനങ്ങൾക്കുവേണ്ടി എന്ന അധ്യായത്തിൽ ജനാധിപത്യവും തെരഞ്ഞെടുപ്പും, തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ, സാമൂഹ്യസാമ്പത്തികനീതി, ജനാധിപത്യം ഒരു ജീവിതരീതി എന്നിവയെപ്പറ്റി പറയുന്നു. ആറാം ക്ലാസിലെ ജനാധിപത്യവും അവകാശങ്ങളും എന്ന പത്താം അധ്യായത്തിൽ മനുഷ്യാവകാശങ്ങൾ, ദേശീയ മനുഷ്യാവകാശകമ്മീഷൻ, കുട്ടികളുടെ അവകാശം, സ്ത്രീകളുടെ അവകാശം എന്നിവ പരാമർശിക്കുന്നു. ഏഴാം ക്ലാസിലെ നമ്മുടെ ഭരണഘടന എന്ന അധ്യായത്തിൽ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ വ്യക്തമായി വിശദീകരിക്കുന്നു. എട്ടാം ക്ലാസിലെ നാലാമത്തെ അധ്യായമായ 'നമ്മുടെ ഗവൺമെന്റ്' എന്ന അധ്യായത്തിൽ ഇന്ത്യൻ ഗവൺമെന്റിന്റെ മൂന്നു ഘടകങ്ങളായ നിയമനിർമ്മാണ വിഭാഗം, കാര്യനിർവഹണവിഭാഗം, നീതിന്യായവിഭാഗം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പത്താം ക്ലാസ്സിലെ പൗരബോധം എന്ന അധ്യായത്തിൽ പൗരബോധത്തെപ്പറ്റി പരാമർശിക്കുന്നു അതോടൊപ്പം പൊതുഭരണം എന്ന അധ്യായത്തിൽ പൊതുഭരണത്തിന്റെ പ്രാധാന്യം, സിവിൽ സർവീസ് ഭരണനവീകരണം, ഇ-ഗവേണൻസ്, അറിയാനുള്ള അവകാശം എന്നിവയെപ്പറ്റി പറയുന്നു. |

സെക്ഷൻ ഓഫീസർ